പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 766** 29.09.2016- ൽ മറുപടിക്ക്

## കിഴക്കേക്കോട്ടയിലെ റോഡ് അപകടങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി.എസ്. ശിവകുമാർ**<br>**,, കെ. മുരളീധരൻ**<br>**,, കെ.എസ്. ശബരീനാഥൻ**<br>**,, എം. വിൻസെന്റ്** | **ശ്രീ. ജി. സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) തിരുവനന്തപുരം ജില്ലയിലെ കിഴക്കേക്കോട്ടയിൽ റോഡ് അപകടങ്ങളിൽ എത്ര പേർ മരണപ്പെട്ടിട്ടുണ്ട്; ഇതൊഴിവാക്കാൻ എന്തെങ്കിലും കർമ്മ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) കിഴക്കേക്കോട്ടയിലെ അപകട മരണങ്ങളുടെ കൃത്യമായ കണക്ക് പി.ഡബ്ല്യു.ഡി-യിൽ ലഭ്യമല്ല. കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്ന തിരുവനന്തപുരം നഗര റോഡു വികസന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതാണ് കിഴക്കേക്കോട്ടയിലെ റോഡ് വികസനം. പദ്ധതിയുടെ അംഗീകരിക്കപ്പെട്ട രൂപരേഖ (DPR) പ്രകാരം റോഡുകളുടെ വികസനം പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ കിഴക്കേക്കോട്ടയിലെ നിലവിലെ ബസ് ടെർമിനലിന് പിന്നിലുള്ള ഭൂമി ഏറ്റെടുത്ത് നൽകാത്തതിനാൽ അവിടെ ലാന്റ് സ്കേപ്പിംഗ് പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. |
| (ബി) കർമ്മ പദ്ധതി എപ്പോഴത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | (ബി) യും (സി) യും കിഴക്കേക്കോട്ട ഭാഗത്തെ അപകടങ്ങൾ ഒഴിവാക്കാൻ മറ്റ് കർമ്മ പദ്ധതികളൊന്നും നിലവിൽ പൊതു മരാമത്ത് വകുപ്പിന്റെ പരിഗണനയിലില്ല. ഇത് റോഡ് സുരക്ഷാ അതോറിറ്റി മുഖേന ഗതാഗത വകുപ്പാണ് ഉറപ്പാക്കേണ്ടത്. അവരെ ഗൗരവപൂർവം അറിയിക്കുന്നതാണ്. |
| (സി) കിഴക്കേക്കോട്ടയിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് മേൽപ്പാലം നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ? | |

സെക്ഷൻ ഓഫീസർ